ഉത്തരം

(എ) വേണ്ടത്ര ഫണ്ടില്ലാത്തതിനാൽ പണി നിർത്തിവച്ചിരിക്കുന്നു. എന്നാൽ ഈ ആഴ്ചയിൽ പണി പുനരാരംഭിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ചെല്ലാനം പഞ്ചായത്തിലെ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ പൈപ്പുലൈനുകൾ

888. [1313] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം പഞ്ചായത്തിലെ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ എത്ര പുതിയ പൈപ്പുലൈനുകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ എത്ര ടാപ്പുകൾ നൽകിയിട്ടുണ്ട് ;

(സി) അവയ്ക്ക് എത്ര രൂപ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) 52 പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 52 ടാപ്പുകൾ എൽപ്പിച്ചിട്ടുണ്ട്.

(സി) 1,67,110 രൂപ.

മാന്നാർ പ്രദേശത്തെ കുടിവെള്ള പ്രശ്നം

889. [1315] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി പഞ്ചായത്തിലെ മാന്നാർ പ്രദേശത്ത് കുടിവെള്ളത്തിനായി രണ്ട് വർഷം മുമ്പ് പൈപ്പ് ഇട്ടെങ്കിലും ഇതുവരെ കമ്മിഷൻ ചെയ്തിട്ടില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് ഉടനെതന്നെ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

വരന്തരപ്പിള്ളി, പുതുക്കാട്, അളഗപ്പ നഗർ എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതികൾ

890. [1318] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി സെക്ഷനാഫീസിന്റെ കീഴിൽ ഇപ്പോഴുള്ള വരന്തരപ്പിള്ളി, പുതുക്കാട്, അളഗപ്പനഗർ, മുരിയാട്, തൃശ്ശൂർ, നെൽമണിക്കര എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതികളുടെ അറ്റകുറ്റപ്പണി

LIBRARY ARCHIVES Kerala Legislative Assembly